## പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

## അൻപത്തിരണ്ടാമത് റിപ്പോർട്ട്

(2020 ഫെബ്രുവരി മാസം 12-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സമിതി (2010-2011)യുടെ മുപ്പത്തിയഞ്ചാമത്
റിപ്പോർട്ടിന്മേലുള്ള ആക്ഷൻ
ടേക്കൺ റിപ്പോർട്ട്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2020

പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

**അൻപത്തിരണ്ടാമത് റിപ്പോർട്ട്**

(2020 ഫെബ്രുവരി മാസം 12-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2010-2011)യുടെ മുപ്പത്തിയഞ്ചാമത്
റിപ്പോർട്ടിന്മേലുള്ള ആക്ഷൻ
ടേക്കൺ റിപ്പോർട്ട്]**

434/2020.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും | .. | 15 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

# (2019-2021)

## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. കെ. സുരേഷ് കുറുപ്പ്.

അംഗങ്ങൾ :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. ടി. എ. അഹമ്മദ് കബീർ

ശ്രീ. അനിൽ അക്കര

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. വി. കെ. സി. മമ്മത് കോയ

ഡോ. എം. കെ. മുനീർ

ശ്രീ. പി. ടി. തോമസ്

*ശ്രീ. തോമസ് ചാണ്ടി

ശ്രീ. കെ. വി. വിജയദാസ്

ശ്രീ. എൻ. വിജയൻ പിള്ള.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി

ശ്രീ. എസ്. സുനിൽ കുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി.

---

* 2019 ഡിസംബർ മാസം 20-ാം തീയതിവരെ.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2019-2021) യുടെ 52-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സമിതി (2010-2011)യുടെ മുപ്പത്തിയഞ്ചാമത് റിപ്പോർട്ടിലെ (കൊല്ലം നഗരസഭയെ സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2020 ഫെബ്രുവരി മാസം 10-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ശിപാർശ ഖണ്ഡികകളിന്മേലുള്ള സർക്കാർ നടപടികളുടെ പരിശോധനാ വേളയിൽ സമിതിക്ക് ആവശ്യമായ സഹായസഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

തിരുവനന്തപുരം,
2020 ഫെബ്രുവരി 12.

കെ. സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

# റിപ്പോർട്ട്

## അദ്ധ്യായം - I

1.1 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2010-11) യുടെ 35-ാമത് റിപ്പോർട്ടിലെ (കൊല്ലം നഗരസഭയെ സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുൾപ്പെട്ടതാണ് ഈ റിപ്പോർട്ട്.

1.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി(2010-11) യുടെ 35-ാമത് റിപ്പോർട്ട് 2011 ഫെബ്രുവരി മാസം 17-ാം തീയതി സഭയിൽ സമർപ്പിച്ചു. റിപ്പോർട്ടിൽ ആകെ 14 ശിപാർശകളാണ് ഉണ്ടായിരുന്നത്. പ്രസ്തുത ശിപാർശകളിന്മേൽ ലഭ്യമായ സർക്കാർ മറുപടി, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ് എന്നിവ 17-9-2014, 8-5-2019 എന്നീ തീയതികളിലെ യോഗങ്ങൾ പരിഗണിക്കുകയും ഇവയിൽ 18, 26 എന്നീ ശിപാർശകളിന്മേൽ ലഭ്യമായ മറുപടി തൃപ്തികരമല്ലാത്തതിനാൽ അവയിന്മേൽ സമിതി അധികവിവരം ആരായുകയും, മറ്റുള്ളവ അംഗീകരിക്കുകയും ചെയ്തു. 17-9-2014-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധികവിവരങ്ങൾ സംബന്ധിച്ച മറുപടി ലഭ്യമാക്കുന്നതിനായി ആവശ്യപ്പെട്ട ത.സ്വ.ഭ.വകുപ്പിന് നിരവധി കത്തുകൾ അയച്ചിരുന്നിട്ടും ആയത് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. സമിതി ആരാഞ്ഞ പ്രസ്തുത അധികവിവരങ്ങൾക്കുള്ള മറുപടി നാളിതുവരെ ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.

1.3 സമിതി റിപ്പോർട്ടിലെ ശിപാർശ, ശിപാർശയിന്മേൽ ലഭിച്ച മറുപടി, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്, സമിതി ആരാഞ്ഞ അധിക വിവരം, തുടർ ശിപാർശ എന്നിവ അദ്ധ്യയം II -ൽ ചേർത്തിരിക്കുന്നു.

1.4 സർക്കാരിൽ നിന്നു ലഭിച്ച മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധന റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ അനന്തര നടപടികൾ തുടരേണ്ടതില്ല എന്നു തീരുമാനിച്ച ശിപാർശകളും ആയതിന്മേൽ ലഭിച്ച മറുപടികളും അദ്ധ്യായം III-ൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

## അദ്ധ്യായം II

**സമിതി ശിപാർശകളും സർക്കാർ സ്വീകരിച്ച നടപടികളും ശിപാർശകളിന്മേലുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതി ആരാഞ്ഞ അധികവിവരങ്ങളും തുടർ ശിപാർശകളും**

### ഖണ്ഡിക നമ്പർ 18

### ശിപാർശ

2.1.1 ശില്പിയില്ലാത്ത ശില്പനിർമ്മാണം എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് തിരികെ ലഭിക്കുവാനുള്ള 36,760 രൂപ ശില്പ നിർമ്മാണ കമ്മിറ്റി കൺവീനർ ശ്രീ. കെ. ജി. നടരാജനിൽ നിന്നും അടിയന്തരമായി ഈടാക്കി സമിതിക്കു റിപ്പോർട്ട് നൽകുവാൻ സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.1.2 26-11-2008-ലെ ബഹു. കേരള നിയമസഭ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം 36,760 രൂപ ശിൽപ്പ നിർമ്മാണ കമ്മിറ്റി കൺവീനർ ശ്രീ. കെ. ജി. നടരാജനിൽ നിന്നും റിക്കവറി നടത്തി തിരിച്ച പിടിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ജില്ലാ കളക്ടർക്ക് 26-11-2008-ൽ PW7/30864/2000 നമ്പരായി കത്ത് (റിക്വിസിഷൻ ഫോറം സഹിതം) നൽകിയിട്ടുള്ളതാണ്. റിക്കവറി നടത്തിയത് സംബന്ധിച്ച് അറിയിപ്പ് ലഭിച്ചിട്ടില്ലാത്തതിനാൽ 21-6-2011-ൽ ഓർമ്മക്കുറിപ്പ് നൽകിയിട്ടുള്ളതാണ്. എന്നാൽ റവന്യൂ റിക്കവറി സ്വീകരിച്ചതായി കളക്ടറേറ്റിൽ നിന്നും അറിയിപ്പൊന്നും ലഭിച്ചിട്ടില്ലാത്തതാണ്. ആകയാൽ ആർ.ആർ-ന്റെ ഇപ്പോഴത്തെ അവസ്ഥ അറിയിക്കുന്നതിനും ആർ.ആർ. നടപടികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനും 3-1-2012-ൽ PW7.30864/00 പ്രകാരം കത്ത് നൽകിയിട്ടുണ്ട്. കൂടാതെ 18-6-2013-ൽ നേരിട്ട് കളക്ടറേറ്റിൽ അന്വേഷിച്ചതിൽ 31-1-2013-ൽ ആർ2-63690/12 നമ്പരായി ആർ.ആർ.-ന്റെ ഇപ്പോഴത്തെ അവസ്ഥ ആരാഞ്ഞുകൊണ്ട് തഹസീൽദാർ-ന് കത്ത് നൽകിയിട്ടുള്ളതായി അറിയുവാൻ സാധിച്ചിട്ടുള്ളതാണ്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

2.1.3 26-11-2008, 3-11-2012 എന്നീ തീയതികളിൽ ജില്ലാ കളക്ടർക്ക് നൽകിയ കത്തുകളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്. തുക തിരിച്ച് പിടിച്ചിട്ടില്ല. പരാമർശം നിലനിൽക്കുന്നു.

**തുടർശിപാർശ**

**2.1.4 റവന്യൂ റിക്കവറി നടപടികൾ അടിയന്തരമായി പൂർത്തിയാക്കി ബന്ധപ്പെട്ടവരിൽ നിന്നും നഷ്ടത്തുക തിരിച്ചുപിടിക്കുന്നതിന് നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 26

ശിപാർശ

2.2.1 മേയർ ഫണ്ടിന്റെ സമാഹരണം, വിനിയോഗം എന്നിവ സംബന്ധിച്ച ചട്ടങ്ങൾ അടിയന്തരമായി ലഭ്യമാക്കി ലോക്കൽ ഫണ്ട് ഓഡിറ്റിന് വിധേയമാക്കണമെന്നും ബൈലാ ഉണ്ടാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. മാതൃഭൂമി മെഡിമിക്സ് അവാർഡ് നൈറ്റ് എന്ന പരിപാടിയെ വിനോദ നികുതിയിൽ നിന്നൊഴിവാക്കിയ നടപടിക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കാത്ത സ്ഥിതിയ്ക്ക് സർക്കാർ സാധൂകരണം അടിയന്തരമായി ലഭ്യമാക്കി സമിതിയ്ക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.2.2 മേയർ ഫണ്ട് വിനിയോഗവുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്.

2.2.3 മേയർ ഫണ്ടിന്റെ സമാഹകരണം, വിനിയോഗം, എന്നിവ സംബന്ധിച്ച് 25-8-2003-ലെ 1(14)-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം ദുരിതാശ്വാസ നിധി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 15-12-2003-ലെ 52-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം മേയറുടെ ദുരിതാശ്വാസനിധിയിലേയ്ക്കുള്ള ബൈലാ കൗൺസിൽ അംഗീകരിച്ച് തീരുമാനിച്ച് 25-3-2004-ലെ ജി.13.3170/03-ാം നമ്പരായി ടി കൗൺസിൽ തീരുമാനം ഗവൺമെന്റിലേയ്ക്ക് അയച്ചുകൊടുത്തിട്ടുള്ളതുമാണ്. നഗരസഭകളിൽ നിന്ന് ദുരിതാശ്വാസ നിധി രൂപീകരിക്കുന്നത് സംബന്ധിച്ച് മുനിസിപ്പാലിറ്റി ആക്ട് 565-ാം വകുപ്പ് പ്രകാരം സർക്കാർ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങൾ കോർപ്പറേഷനുകൾക്കും ബാധകമാണെന്നും, ടി ചട്ടങ്ങൾക്കുപരിയായി കൊല്ലം കോർപ്പറേഷന് മാത്രമായി ഒരു ബൈലാ ആവശ്യമില്ല എന്നും 27-7-2004-ൽ 56334/ഡി1/01/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുള്ളതാണ്.

2.2.4 മേയർ ഫണ്ടുമായി ബന്ധപ്പെട്ട് മേയർ അദ്ധ്യക്ഷയായി ഒരു സബ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ക്യാഷ് ബുക്ക്, രസീത്, വൗച്ചർ, ബാങ്ക് അക്കൗണ്ട്, ചെക്ക് ബുക്ക്, എന്നിവ സൂക്ഷിച്ചുവരുന്നതുമാണ്.

2.2.5 സംഭാവന/സ്പോൺസർ ഷിപ്പ് അടിസ്ഥാനത്തിലാണ് ഫണ്ട് സമാഹരിച്ച് വരുന്നത്. ഗവൺമെന്റ് പദ്ധതി/പദ്ധതിയേതര ഗ്രാന്റ്, തനത് ഫണ്ട്, മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് എന്നിവയിൽ നിന്നൊന്നും പണം പിൻവലിച്ച് മേയർ ഫണ്ട് നൽകുന്നതിനായി ഉപയോഗിക്കുന്നില്ല.

2.2.6 ലാൽ ബഹദൂർ സ്റ്റേഡിയത്തിൽ വച്ച് 21-3-2004 മുതൽ 29-3-2004 വരെയുള്ള ദിവസങ്ങളിൽ നടന്ന മാതൃഭൂമി ഫിലിം അവാർഡ് നൈറ്റ് പരിപാടിയെ വിനോദ നികുതിയിൽ നിന്നും ഒഴിവാക്കുന്നതിന് ബഹു. സർക്കാരിന് 24-11-2008-ൽ ആർ.9.36029/03 നമ്പരായി കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ വിനോദ നികുതി ഒഴിവാക്കിക്കൊണ്ട് 19-4-2013-ൽ സ.ഉ.(സാധാ) നമ്പർ 1074/2013/ത.സ്വ.ഭ.വ. നമ്പരായി ഉത്തരവായിട്ടുള്ളതാണ്.

**2.2.7 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

1. മേയർ ഫണ്ടുമായി ബന്ധപ്പെട്ട വരവ്-ചെലവുകൾ സമിതിയുടെ നിർദ്ദേശ പ്രകാരം ഓഡിറ്റിനായി ലഭ്യമാക്കിയ രേഖകൾ പരിശോധിച്ച് റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

2. മേയർ ഫണ്ടിന്റെ സമാഹരണം, വിനിയോഗം എന്നിവ സംബന്ധിച്ച മുനിസിപ്പാലിറ്റി ആക്ട് 565-ാം വകുപ്പ് പ്രകാരമുള്ള ചട്ടങ്ങൾ നിലവിലുള്ളത് കോർപ്പറേഷനും ബാധകമാകാവുന്നതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 27-7-2004-ലെ 56334/ഡി1/01 നമ്പർ സർക്കാർ കത്തിൽ വ്യക്തമാക്കിയിട്ടുള്ളത് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്.

3. സമിതിയുടെ ശിപാർശ പ്രകാരം മാതൃഭൂമി മെഡിമിക്സ് അവാർഡ് നൈറ്റ് എന്ന പരിപാടിയെ വിനോദ നികുതിയിൽ നിന്നൊഴിവാക്കിയ നടപടിക്ക് 19-4-2013-ലെ സ.ഉ.(സാധാ) നമ്പർ 1074/2013/ത.സ്വ.ഭ.വ. പ്രകാരം സർക്കാർ സാധൂകരണം ലഭിച്ചിട്ടുള്ളത് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്.

4. വിനോദ പരിപാടികളും എക്സിബിഷനും സംഘടിപ്പിക്കുന്നതിനായി ലാൽ ബഹദൂർ ശാസ്ത്രി സ്റ്റേഡിയം വാടകയ്ക്ക് നൽകുന്നതിനുള്ള ബൈലാ കോർപ്പറേഷനിൽ നിലവിലില്ല. ബൈലാ ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി കോർപ്പറേഷൻ ഓഡിറ്റിനെ അറിയിച്ചിട്ടില്ല.

**തുടർശിപാർശ**

**2.2.8 ലാൽ ബഹാദൂർ ശാസ്ത്രി സ്റ്റേഡിയത്തിന്റെ ഉപയോഗം സംബന്ധിച്ച ബൈലാ രൂപീകരിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

## <u>അദ്ധ്യായം III</u>

**3.1 സർക്കാരിൽ നിന്നുള്ള മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പിന്റെയും അടിസ്ഥാനത്തിൽ അനന്തര നടപടികൾ തുടരേണ്ടതില്ലെന്ന് തീരുമാനിച്ച ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും.**

<u>ഖണ്ഡിക നമ്പർ 3</u>

<u>ശിപാർശ</u>

3.1.1 ഓഡിറ്റ് പരാമർശം സംബന്ധിച്ച് നാളിതുവരെ സർക്കാർ സാധൂകരണം ലഭ്യമാക്കിയിട്ടില്ലെങ്കിലും ഇത്രയുംകാലം കഴിഞ്ഞ സ്ഥിതിയ്ക്ക് 50 കൗൺസിലർമാരിൽ നിന്നും മേൽ തുക ഈടാക്കുന്നത് അപ്രായോഗികമായതിനാൽ ഭാവിയിൽ ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കാൻ സർക്കാർ തലത്തിൽ കർശന നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.1.2 22-7-2009-ലെ സ.ഉ.(സാധാ) നമ്പർ 1844/2009/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം സാധൂകരിച്ചിട്ടുള്ളതാണ്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.1.3 സ.ഉ.(സാധാ) നമ്പർ 1844/2009/ത.സ്വ.ഭ.വ. തീയതി 22-7-2009 പ്രകാരം സർക്കാർ സാധൂകരണം ലഭിച്ചിട്ടുള്ളത് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 6</u>

<u>ശിപാർശ</u>

3.2.1 നഗരസഭാ സെക്രട്ടറിയുടെ വിശദീകരണം ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.2.2 നഗരസഭാ സെക്രട്ടറിയുടെ വിശദീകരണം ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.2.3 കേരള നിയമസഭാ സമിതി ശിപാർശ പ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിയ വിവരം കൊല്ലം കോർപ്പറേഷൻ ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ 1-6-2016-ലെ കെ.എസ്.എ.-കെ.എൽ.സി16-284/2016 നടപടിക്രമം പ്രകാരം കൊല്ലം കോർപ്പറേഷൻ സെക്രട്ടറിയെ അറിയിച്ചിട്ടുള്ളതാണ്.

<u>ഖണ്ഡിക നമ്പർ 9</u>

<u>ശിപാർശ</u>

3.3.1 വാഹനങ്ങൾക്ക് ഡീസൽ അടിച്ചതുമായി ബന്ധപ്പെട്ട 4,597 രൂപയുടെ കണക്ക് ലോഗ് ബുക്കിൽ എഴുതാൻ വിട്ടുപോയതാണെന്നും ഫ്യൂവൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നുമുള്ള നഗരസഭാ സെക്രട്ടറിയുടെ വിശദീകരണം ബോധ്യപ്പെട്ടതിനാൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശം നൽകുന്നു. ആംബുലൻസിന്റെ പുതുക്കിയ വാടക ഈടാക്കാത്തതുമൂലമുണ്ടായ 4,272 രൂപയുടെ നഷ്ടം, ഉത്തരവാദിയായ മുൻ നഗരസഭാ സെക്രട്ടറി ശ്രീ. സുദർശനനിൽ നിന്നും അടിയന്തരമായി ഈടാക്കി സമിതിയ്ക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.3.2 4,272 രൂപ നഗരസഭാ ഫണ്ടിൽ 15 ദിവസത്തിനുള്ളിൽ ഒടുക്കുന്നതിനും അല്ലാത്തപക്ഷം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്നും കാണിച്ച് 5-4-2011-ൽ എ 2.30879/06 നമ്പരായി ശ്രീ. എസ്. സുദർശനൻ, മുൻ കോർപ്പറേഷൻ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. തുക ഒടുക്കുവരുത്താത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് 22-9-2011-ലെ കൗൺസിൽ 15-ാം നമ്പരായി തീരുമാനിച്ചിട്ടുള്ളതും റവന്യൂ റിക്കവറി നടത്തുന്നതിനായി 24-11-2011-ൽ ബഹു. ജില്ലാ കളക്ടർക്ക് എ 2.30879/11 നമ്പരായി കത്ത് (റിക്വിസിഷൻ ഫോം സഹിതം) നൽകിയിട്ടുള്ളതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ആർ.ആർ. നടപടികൾ നടത്തുന്നതിനായി തഹസിൽദാർ (ആർ.ആർ.)-നെ 16-2-2012-ലെ Collectorate® file No.2011/67972/2 നമ്പർ കത്ത് പ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ആയതിന്റെ പുരോഗതി അറിയിക്കുന്നതിന് 18-10-2012-ൽ തഹസിൽദാർ ആർ.ആർ-ന് എ 2.30879/06 പ്രകാരം കത്ത് നൽകിയിട്ടുണ്ട്. കൂടാതെ 18-6-2013-ൽ തഹസിൽദാർ (ആർ.ആർ.) ഓഫീസിൽ നേരിട്ട് അന്വേഷിച്ചതിൽ ആർ.ആർ. നടപടികൾക്കായി കൊല്ലം വെസ്റ്റ് വില്ലേജ് ആഫീസർക്ക് 1-1-2013-ൽ ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളതായി അറിയുവാൻ സാധിച്ചിട്ടുള്ളതാണ്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.3.3 റിട്ട. കോർപ്പറേഷൻ സെക്രട്ടറി ശ്രീ. എസ്. സുദർശനന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുള്ളതിന്റെ രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ റവന്യൂ റിക്കവറി നടത്തി 4,272 രൂപ ഈടാക്കിയിട്ടില്ല.

**17-9-2014-ലെ സമിതി യോഗനിർദ്ദേശം**

3.3.4 പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ ഫയൽ നടപടികൾ അവസാനിപ്പിക്കാൻ നിർദ്ദേശിച്ചു.

<u>ഖണ്ഡിക നമ്പർ 12</u>

<u>ശിപാർശ</u>

3.4.1 പ്രോജക്റ്റിന്റെ വിജയ സാദ്ധ്യത നോക്കാതെ പ്രവർത്തിച്ച നഗരസഭയുടെ നടപടിയെ സമിതി കുറ്റപ്പെടുത്തുകയും ഭാവിയിൽ ഇത്തരം നടപടികൾ ആവർത്തിക്കാതെ ശ്രദ്ധിക്കണമെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ ശിപാർശ ചെയ്യുകയും ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.4.2 പ്രോജക്റ്റിന്റെ വിജയസാധ്യത നോക്കാതെ പ്രവർത്തിച്ച നഗരസഭയുടെ നടപടിയെ സമിതി കുറ്റപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഭാവിയിൽ ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കാൻ നഗരസഭ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

3.4.3 ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്ന സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.4.5 കേരള നിയമസഭാ സമിതി ശിപാർശ പ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിയ വിവരം കൊല്ലം കോർപ്പറേഷൻ ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ 1-6-2016-ലെ കെ.എസ്.എ.-കെ.എൽ.സി16-284/2016 നടപടിക്രമം പ്രകാരം കൊല്ലം കോർപ്പറേഷൻ സെക്രട്ടറിയെ അറിയിച്ചിട്ടുള്ളതാണ്.

<u>ഖണ്ഡിക നമ്പർ 15</u>

<u>ശിപാർശ</u>

3.5.1 ലൈബ്രറിയിലെ പുസ്തക വിതരണം കാർഡ്-ടിക്കറ്റ് സമ്പ്രദായത്തിലാക്കിയത് നല്ല രീതിയിൽ നടക്കുന്നുണ്ടെന്നും കോർപ്പറേഷൻ ലൈബ്രേറിയന്റെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് ദേശീയ നിലവാരമുള്ള ഡൽഹിയിലെ മെഹ്റ ആന്റ് കമ്പനിയിൽ നിന്നും കാർഡുകൾ വാങ്ങിയതെന്നുമുള്ള നഗരസഭാ സെക്രട്ടറിയുടെ മറുപടി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.5.2 ലൈബ്രറിയിലെ പുസ്തകവിതരണം കാർഡ്-ടിക്കറ്റ് സമ്പ്രദായത്തിലാക്കിയത് നല്ല രീതിയിൽ നടക്കുന്നുണ്ടെന്നും കോർപ്പറേഷൻ ലൈബ്രേറിയന്റെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് ദേശീയ നിലവാരമുള്ള ഡൽഹിയിലെ മെഹ്റ ആന്റ് കമ്പനിയിൽ നിന്നും കാർഡുകൾ വാങ്ങിയതെന്നുമുള്ള നഗരസഭാ സെക്രട്ടറിയുടെ മറുപടി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.5.3 കേരള നിയമസഭാ സമിതി ശിപാർശ പ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിയ വിവരം കൊല്ലം കോർപ്പറേഷൻ ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ 1-6-2016-ലെ കെ.എസ്.എ.-കെ.എൽ.സി16-284/2016 നടപടിക്രമം പ്രകാരം കൊല്ലം കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചിട്ടുള്ളതാണ്.

ഖണ്ഡിക നമ്പർ 21

ശിപാർശ

3.6.1 ടെലിഫോൺ ചാർജ്ജുകൾ നൽകിയ നടപടിക്ക് സർക്കാർ സാധൂകരണം നൽകിയിട്ടുണ്ടെന്ന വസ്തുത പരിഗണിച്ച് മേൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.6.2 മേയർ, ഡെപ്യൂട്ടി മേയർ, സെക്രട്ടറി എന്നിവർക്ക് ടെലിഫോൺ ചാർജ്ജുകൾ നൽകിയ നടപടിക്ക് സർക്കാർ സാധൂകരണം നൽകിയിട്ടുണ്ടെന്ന വസ്തുത പരിഗണിച്ച് മേൽ ഓഡിറ്റ് പരാമർശ വിഷയം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിച്ചിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.6.3 കേരള നിയമസഭാ സമിതി ശിപാർശ പ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിയ വിവരം കൊല്ലം കോർപ്പറേഷൻ ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ 1-6-2016-ലെ കെ.എസ്.എ.-കെ.എൽ.സി16-284/2016 നടപടിക്രമം പ്രകാരം കൊല്ലം കോർപ്പറേഷൻ സെക്രട്ടറിയെ അറിയിച്ചിട്ടുള്ളതാണ്.

ഖണ്ഡിക നമ്പർ 30

ശിപാർശ

3.7.1 ഓഡിറ്റ് പരാമർശം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.7.2 ഓഡിറ്റ് പരാമർശ വിഷയം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.7.3 കേരള നിയമസഭാ സമിതി ശിപാർശ പ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിയ വിവരം കൊല്ലം കോർപ്പറേഷൻ ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ 1-6-2016-ലെ കെ.എസ്.എ.-കെ.എൽ.സി16-284/2016 നടപടിക്രമം പ്രകാരം കൊല്ലം കോർപ്പറേഷൻ സെക്രട്ടറിയെ അറിയിച്ചിട്ടുള്ളതാണ്.

ഖണ്ഡിക നമ്പർ 34

ശിപാർശ

3.8.1 വ്യവസായ വികസന ഓഫീസർ നടപ്പാക്കിയ വിവിധ പ്രോജക്ടുകൾക്ക് മുൻകൂർ നൽകിയതിലെ പിഴവുകൾ പരിഹരിക്കാനും തിരിച്ചടയ്ക്കേണ്ട തുകകൾ ഈടാക്കാനും വേണ്ട നടപടികൾ അടിയന്തരമായി സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ടുനൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.8.2 സമിതിയുടെ നിർദ്ദേശങ്ങളിന്മേൽ അടിയന്തരമായി നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകുന്നതിന് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടികൾ അടങ്ങുന്ന വിശദവും വ്യക്തവുമായ റിപ്പോർട്ട് തയ്യാറാക്കി അടിയന്തരമായി അയച്ചുതരുന്നതിനും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്ക് കത്ത് നൽകിയിട്ടുള്ളതിന്റെയടിസ്ഥാനത്തിൽ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കെ.സി./119/11 നമ്പരായി മറുപടി നൽകിയിട്ടുള്ളതും ടി മറുപടി ബഹു. നിയമസഭാ സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് 23-9-2011-ൽ അയച്ചുകൊടുത്തിരുന്നതുമാണ്. എന്നാൽ നിയമസഭാ സമിതി തുക ഈടാക്കുവാൻ ശിപാർശ ചെയ്തിട്ടുള്ള സാഹചര്യത്തിൽ സമിതിയുടെ നിർദ്ദേശം കൂടാതെ ടി വിഷയം പുനഃപരിശോധിക്കുവാനോ ഒഴിവാക്കുവാനോ സാധിക്കുകയില്ല എന്നും, ആകയാൽ ഇത് സംബന്ധിച്ച എല്ലാ വിശദീകരണങ്ങളും ബഹു. നിയമസഭാ സമിതിയെ അറിയിക്കുവാനും ഓഡിറ്റ് വിഭാഗം 21-10-2011-ൽ LFQM5-592/11 നമ്പർ കത്ത് മുഖേന നഗരസഭയെ അറിയിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ അപ്രകാരം നടപടി സ്വീകരിക്കുവാൻ 7-12-2011-ൽ എ 2./30879/06 നമ്പരായി ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരെ അറിയിച്ചിട്ടുള്ളതാണ്. സമിതിയുടെ നിർദ്ദേശപ്രകാരം 15 ദിവസത്തിനുള്ളിൽ തുക തിരികെ ഒടുക്കുന്നതിനും പിഴവുകൾ പരിഹരിക്കുന്നതിനും അല്ലാത്തപക്ഷം ആർ.ആർ. നടപടികളിലൂടെ തുക ഈടാക്കുന്നതാണെന്നും കാണിച്ച്, 18-10-2012-ൽ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്ക് കത്ത് നൽകിയിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ തുക ഒടുക്കുവരുത്താത്ത സാഹചര്യത്തിൽ ആർ.ആർ. നടപടികൾ സ്വീകരിക്കുന്നതിനായി ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ ഇപ്പോഴത്തെ സ്ഥിരം, ഔദ്യോഗിക മേൽവിലാസം ലഭ്യമാക്കുന്നതിന് 28-1-2013, 18-6-2013 എന്നീ തീയതികളിൽ കത്ത് നൽകിയിട്ടുള്ളതും മറുപടി ലഭ്യമാകാത്ത സാഹചര്യത്തിൽ നേരിട്ട് ജില്ലാ വ്യവസായ കേന്ദ്രവുമായി ബന്ധപ്പെട്ടതിൽ ടി വിഷയവുമായി ബന്ധപ്പെട്ട ശ്രീമതി എസ്. ശുഭ (മുൻ വ്യവസായ

വികസന ഓഫീസർ) ഈ ഓഫീസിൽ ജോലി ചെയ്യുന്നില്ല എന്നും, ടി ജീവനക്കാരി ഹാന്റ്ലൂം ഡയറക്ടറേറ്റിൽ ജോലി ചെയ്യുന്നതാണെന്നും 22-6-2013-ൽ K3-1871/2011 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ ഇപ്പോഴത്തെ മേൽവിലാസം ലഭ്യമാക്കുന്നതിന് ഹാന്റ്ലൂം ഡയറക്ടർക്ക് 22-6-2013-ൽ A2-30879/06 നമ്പരായി കത്ത് നൽകിയിട്ടുള്ളതാണ്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.8.3 സമാഹൃത റിപ്പോർട്ട് 2003-04 ഖണ്ഡിക-7-2(8) പ്രകാരം നിരാകരിച്ച 1,19,100 രൂപയാണ് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 25-11-2011-ലെ എൽ.എഫ്.6098/സ്പെ.സെൽ.ജി.1/2011 കത്തിലെ നിർദ്ദേശപ്രകാരം ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥയായ ശ്രീമതി എസ്. ശുഭ വ്യവസായ വികസന ഓഫീസറെ നേരിൽ കേൾക്കുകയും ചെയ്തതിന്റെയടിസ്ഥാനത്തിൽ നിരാകരിച്ച 1,19,100 രൂപയിൽ 19,100 രൂപ പരിശീലന ഏജൻസിയായ STED-ൽ നിന്നും ചെക്ക് നമ്പർ 563379 തീയതി 23-12-2011 പ്രകാരം മടക്കി വാങ്ങി 3604-00-911-99-ROP എന്ന ഹെഡിൽ ട്രഷറിയിൽ 23-12-2011-ൽ ഒടുക്കുവരുത്തിയിട്ടുണ്ട്. ബാക്കിയുള്ള 1 ലക്ഷം രൂപ പ്രോജക്റ്റ് നിർവ്വഹണ ചെലവിന്റെ ഭാഗമായി STED-ന് ഇനിയും നൽകിയിട്ടില്ലെന്നാണ് ശ്രീമതി എസ്. ശുഭ നേരിട്ടുള്ള മൊഴിയിൽ രേഖപ്പെടുത്തിയത്. ആയത് പരിശോധിച്ച് ബോധ്യപ്പെട്ടതിനാൽ 1 ലക്ഷം രൂപയുടെ ക്രമീകരണം ബഹു. നിയമസഭ സമിതിയുടെ തീരുമാനത്തിന് വിധേയമായി നടപടികളെടുക്കാവുന്നതാണ്. ശ്രീമതി എസ്. ശുഭയെ നേരിൽ കേട്ടതിന്റെയടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ടിൽ ടി ഖണ്ഡികയിന്മേലുള്ള തടസ്സം ഒഴിവാക്കാൻ സമിതിക്ക് ശിപാർശ ചെയ്യാവുന്നതാണെന്ന് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം നഗരസഭാ ഓഡിറ്റ് ശിപാർശ ചെയ്തിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 37</u>

<u>ശിപാർശ</u>

3.9.4 ശുചീകരണ പ്രവർത്തനങ്ങൾക്കായി ലോറികൾ വാങ്ങിയിട്ടുണ്ടെന്ന നഗരസഭാ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.9.5 ശുചീകരണപ്രവർത്തനങ്ങൾക്കായി ലോറികൾ വാങ്ങിയിട്ടുണ്ടെന്ന നഗരസഭാ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.9.6 കേരള നിയമസഭാ സമിതി ശിപാർശ പ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിയ വിവരം കൊല്ലം കോർപ്പറേഷൻ ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ 1-6-2016-ലെ കെ.എസ്.എ.-കെ.എൽ.സി16-284/2016 നടപടിക്രമം പ്രകാരം കൊല്ലം കോർപ്പറേഷൻ സെക്രട്ടറിയെ അറിയിച്ചിട്ടുള്ളതാണ്.

<u>ഖണ്ഡിക നമ്പർ 41</u>

<u>ശിപാർശ</u>

3.10.1 പഴയ കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ ഇപ്പോഴത്തെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിനെ അടിയന്തരമായി അറിയിക്കുവാൻ നഗരസഭാ സെക്രട്ടറിയോട് സമിതി നിർദ്ദേശിച്ചു. കൂടാതെ രണ്ടാംഘട്ട കമ്പ്യൂട്ടർവൽക്കരണ പദ്ധതി അടിയന്തരമായി പൂർത്തിയാക്കാൻ വേണ്ട നടപടികൾ ത്വരിതപ്പെടുത്തുവാനും നഗരസഭയോട് സമിതി ആവശ്യപ്പെട്ടു.

**സർക്കാർ സ്വീകരിച്ച നടപടി**

3.10.2 കൊല്ലം കോർപ്പറേഷൻ ഐ.കെ.എം.-ന്റെ നേതൃത്വത്തിൽ കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുൻപ് വാങ്ങിയിരുന്ന ബ്ലാക്ക് ആന്റ് വൈറ്റ് കമ്പ്യൂട്ടറുകൾ ആധുനിക സാങ്കേതിക വിദ്യയ്ക്കനുസരിച്ച് അപ്ഡേറ്റ് ചെയ്യാൻ കഴിയാത്തവയായതിനാൽ ഉപയോഗശൂന്യമായി കോർപ്പറേഷൻ ആഫീസിൽ തന്നെ സൂക്ഷിച്ചുവരികയാണ്. പഴയ കമ്പ്യൂട്ടറുകളുടെ ഇപ്പോഴത്തെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലോക്കൽ ഫണ്ട് ഡയറക്ടർക്ക് 12-2-2013-ൽ എ 2/30879/06 പ്രകാരം അയച്ചുകൊടുത്തിട്ടുള്ളതാണ്.

3.10.3 രണ്ടാം ഘട്ടം കമ്പ്യൂട്ടർവൽക്കരണം ത്വരിതപ്പെടുത്തുന്നത് സംബന്ധിച്ച് ഐ.കെ.എം. കോ-ഓർഡിനേറ്റർ മറുപടി നൽകിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു:

1. 1970 മുതലുള്ള ജനനമരണ വിവരങ്ങൾ ഡേറ്റാ എൻട്രി നടത്തി ഡേറ്റാ ബേസിന്റെ ഭാഗമാക്കുകയും 1981 മുതലുള്ള ഡേറ്റാ ഓൺലൈൻ ഉപയോഗത്തിനായി കോർപ്പറേഷന് കൈമാറിയിട്ടുള്ളതാണ്. 1989 മുതലുള്ള ജനനമരണ വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.
2. കോർപ്പറേഷനിലെ വിവിധയിനം ക്ഷേമപെൻഷനുകൾ കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. XML ഫോർമാറ്റിലൂടെ പെൻഷൻ വിതരണം പോസ്റ്റാഫീസ് വഴി നൽകിവരുന്നു.

3. SANCHAYA, SANKYA ആപ്ലിക്കേഷനുകൾ ഇന്റഗ്രേറ്റ് ചെയ്ത് പ്രവർത്തിക്കുന്നതുമൂലം പ്രോപ്പർട്ടി ടാക്സ്, പ്രൊഫഷണൽ ടാക്സ് എന്നിവ സംബന്ധിച്ച അനുദിനമുള്ള റിപ്പോർട്ടുകളും ഡിസിബി-യും ലഭ്യമാണ്.
4. ജീവനക്കാരുടെ ശമ്പളവും പേസ്ലിപ്പും STHAPANA ആപ്ലിക്കേഷനിലൂടെ 2005 മുതൽ ഇലക്ട്രോണിക്കലായി ജനറേറ്റ് ചെയ്തുവരുന്നു.
5. SACHITRA ആപ്ലിക്കേഷൻ ഉപയോഗിച്ച് കോർപ്പറേഷന്റെ ആസ്തി വിവരങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ട്.
6. കോർപ്പറേഷന്റെ സോണൽ ആഫീസുകൾ മെയിൻ ഓഫീസുമായി ഇലക്ട്രോണിക് കണക്ഷൻ നിലവിൽ വന്നതോടെ കോർപ്പറേഷന്റെ എല്ലാ ഒടുക്കുകളും സോണൽ ഓഫീസുകളിലും നിർവ്വഹിക്കുവാൻ കഴിയുന്ന സാഹചര്യം നിലവിൽ വന്നു.
7. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള SUGAMA ആപ്ലിക്കേഷനും ഫയൽ ട്രാക്കിംഗ് ആപ്ലിക്കേഷനായ സൂചികയും കോർപ്പറേഷനിൽ വിന്യസിച്ചിട്ടുണ്ട്.
8. 29-9-2011 മുതൽ KSUDP-യുടെ സഹായത്തോടെ 200 sq.feet-ന് മുകളിലുള്ള building application-കൾക്ക് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

3.10.4 കൂടാതെ കോമൺ മാര്യേജ് കമ്പ്യൂട്ടറൈസേഷനുള്ള നടപടി പൂർത്തിയായി. ഇ-ഫൈലിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഹെൽത്ത് സെക്ഷൻ കമ്പ്യൂട്ടർവൽക്കരണം ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായും വിന്യസിക്കപ്പെട്ട ആപ്ലിക്കേഷനുകളുടെ നവീകരണവും കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി നടന്നുവരുന്നതായും ഐ.കെ.എം. കോ-ഓർഡിനേറ്റർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.10.5 പഴയ കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ ഉപയോഗ ശൂന്യമായി കോർപ്പറേഷൻ ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട്. രണ്ടാം ഘട്ട കമ്പ്യൂട്ടർ വൽക്കരണത്തിന്റെ ഭാഗമായി മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ള സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുന്നുണ്ട്. എന്നാൽ സോണൽ ഓഫീസുകളുമായുള്ള നെറ്റ് വർക്കിംഗ്, ഫ്രണ്ട് ഓഫീസ് കമ്പ്യൂട്ടർ വൽക്കരണം, ഹെൽത്ത് സെക്ഷനുകളുടെ കമ്പ്യൂട്ടർ വൽക്കരണം എന്നിവ പൂർത്തിയായിട്ടില്ല. മറ്റ് പുരോഗതികൾ സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ഖണ്ഡിക നമ്പർ 45

ശിപാർശ

3.10.6 സ്റ്റേഡിയം അറ്റകുറ്റപ്പണിയിൽ അപാകതകൾ എന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് നഗരസഭ നൽകിയ മറുപടി ഓഡിറ്റ് വകുപ്പിന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.10.7 ഓഡിറ്റ് പരാമർശ വിഷയം സംബന്ധിച്ച് നഗരസഭ നൽകിയ മറുപടി ഓഡിറ്റ് വകുപ്പിന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.10.8 കേരള നിയമസഭാ സമിതി ശിപാർശ പ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിയ വിവരം കൊല്ലം കോർപ്പറേഷൻ ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ 1-6-2016-ലെ കെ.എസ്.എ.-കെ.എൽ.സി6-284/2016 നടപടിക്രമം പ്രകാരം കൊല്ലം കോർപ്പറേഷൻ സെക്രട്ടറിയെ അറിയിച്ചിട്ടുള്ളതാണ്.

ഖണ്ഡിക നമ്പർ 48

ശിപാർശ

3.11.1 മുനിസിപ്പൽ ഗോൾഡൻ ജൂബിലി ഫുട്ബോൾ ടൂർണമെന്റിനോടനുബന്ധിച്ച് ടിക്കറ്റ് വിൽപ്പനയ്ക്കായി നൽകിയ വകയിൽ മുൻ ഡെപ്യൂട്ടി മേയർ ശ്രീ. ജയപാലൻ പിള്ളയിൽ നിന്നും ഈടാക്കുവാനുള്ള 48,000 രൂപാ അടിയന്തരമായി ഈടാക്കി സമിതിക്ക് റിപ്പോർട്ടുനൽകണമെന്ന് നഗരസഭാ സെക്രട്ടറിയോട് സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.11.2 മുനിസിപ്പൽ ഗോൾഡൻ ജൂബിലി ടൂർണമെന്റിനോട് അനുബന്ധിച്ച് ടിക്കറ്റ് വിൽപ്പനയ്ക്കായി നൽകിയ വകയിൽ മുൻ ഡെപ്യൂട്ടി മേയർ ശ്രീ. ജയപാലൻ പിള്ള 27-8-2009-ൽ രസീത് നമ്പർ 10902109092 പ്രകാരം 48,000 രൂപ നഗരസഭാ ഫണ്ടിൽ ഒടുക്ക് വരുത്തിയിട്ടുണ്ട്.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

3.11.3 രസീത് നമ്പർ 10902109092 പ്രകാരം 27-8-2009-ൽ ശ്രീ. ജയപാലൻപിള്ള, മുൻ ഡെപ്യൂട്ടി മേയർ 48,000 രൂപ മുനിസിപ്പൽ ഫണ്ടിൽ ഒടുക്ക് വരുത്തിയത് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്.

കെ. സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2020 ഫെബ്രുവരി 12.

അനുബന്ധം

## പ്രധാനപ്പെട്ട നിഗമനങ്ങളും തുടർ ശിപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക | വകുപ്പ് | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 2.1.4 | തദ്ദേശസ്വയംഭരണ വകുപ്പ് (കൊല്ലം നഗരസഭ) | റവന്യൂ റിക്കവറി നടപടികൾ അടിയന്തരമായി പൂർത്തിയാക്കി ബന്ധപ്പെട്ടവരിൽ നിന്നും നഷ്ടത്തുക തിരിച്ചുപിടിക്കുന്നതിന് നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 2.2.8 | തദ്ദേശസ്വയംഭരണ വകുപ്പ് (കൊല്ലം നഗരസഭ) | ലാൽ ബഹാദൂർ ശാസ്ത്രി സ്റ്റേഡിയത്തിന്റെ ഉപയോഗം സംബന്ധിച്ച ബൈലാ രൂപീകരിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു. |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.